പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6177 | 02.04. 2018 ൽ മറുപടിക്ക്

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി**

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ നിലവിൽ വൈദ്യുതി വിതരണം നടത്തിക്കൊണ്ടിരിക്കുന്ന ഇ.എച്ച്.ടി സബ് സ്റ്റേഷനുകളിൽ ഷിഫ്റ്റ് ഓപ്പറേറ്റിംഗ് ഡ്യൂട്ടിയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ ഒരു ദിവസത്തെ (24 മണിക്കൂർ) ഡ്യൂട്ടി എത്ര ഷിഫ്റ്റുകൾ ആയിട്ടാണ് വേർതിരിച്ചിരിക്കുന്നത്; ഒരു ഷിഫ്റ്റിന്റെ സമയദൈർഘ്യം എത്രയാണ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഒരു ദിവസം മൂന്ന് ഷിഫ്റ്റുകളാണ് ക്രമീകരിച്ചിട്ടുള്ളത്. ഒരു ഷിഫ്റ്റിന്റെ ദൈർഘ്യം എട്ട് മണിക്കൂറാണ്. എന്നാൽ പ്രാദേശികമായി ഷിഫ്റ്റിന്റെ സമയ ക്രമത്തിൽ നേരിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. |
| (ബി) ഇപ്രകാരം ഷിഫ്റ്റ് ഓപ്പറേറ്റിംഗ് ഡ്യൂട്ടിയിലുള്ള ഒരു അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ക്ക് 28, 30, 31 ദിവസങ്ങൾ ഉള്ള മാസങ്ങളിൽ ഓരോ മാസവും എത്ര വീതം ഷിഫ്റ്റ് ഡ്യൂട്ടികൾ ആണ് ചെയ്യേണ്ടതെന്ന വിവരം തരംതിരിച്ച് വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ക്ക് ഒരു മാസം ആകെ അനുവദിച്ചിട്ടുള്ള ഷിഫ്റ്റ് | (ബി)&(സി).<br>ഓരോ മാസത്തേയും ഷിഫ്റ്റ് ക്രമീകരണം മുൻമാസത്തേതിന്റെ തുടർച്ചയായതിനാൽ ഒരു പ്രത്യേക മാസത്തിൽ എത്ര ഷിഫ്റ്റ് ഡ്യൂട്ടി ചെയ്യണമെന്ന് കൃത്യമായി പറയാനാവില്ല.എന്നാൽ ഓരോമാസത്തിലും കുറഞ്ഞത് 21 (ഇരുപത്തി ഒന്ന്)ഡ്യൂട്ടികൾ ചെയ്യേണ്ടതാണ്. |

| | |
|---|---|
| ഡ്യൂട്ടികളുടെ എണ്ണം ഒരു പോലെയാണോ എന്ന് 400KV മേജർ, 220KV മൈനർ, 220KV, 110KV, 66KV സബ് സ്റ്റേഷനുകൾ തരംതിരിച്ച് വിശദമാക്കാമോ; | |
| (ഡി) ടി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി ക്രമീകരിക്കുന്നത് ഏതെങ്കിലും തൊഴിൽ നിയമത്തിന്റെയോ ബോർഡ് ഉത്തരവിന്റെയോ അടിസ്ഥാനത്തിലാണോ എന്നും; ആണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് 1996 –ൽ പുറത്തിറക്കിയ തൊഴിലാളികൾക്കുള്ള സ്റ്റാൻഡിംഗ് ഓഡറുകളുടെ വെളിച്ചത്തിൽ അതാത് പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ചും താമസസൗകര്യം യാത്രാസൗകര്യം എന്നിവ കണക്കിലെടുത്തുമാണ് പ്രാദേശികമായി ഷിഫ്റ്റ് ഡ്യൂട്ടി ക്രമീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ